NREGA/876/2023-A4

I/98508/2023

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)
മൂന്നാം ഫ്ലോർ, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്,
തിരുവനന്തപുരം -33
ഫോൺ: 0471-2313385, 1800 425 1004 (Helpline),ഫാക്സ്: 0471-2312385
ഇ-മെയിൽ: mgnrega.kerala@gov.in, mgnregakerala@gmail.com

തീയതി : 05-09-2023

പ്രേക്ഷകൻ

മിഷൻ ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർക്കും

സർ,

വിഷയം: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) - പ്രവൃത്തിസ്ഥലങ്ങളിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ട സൌകര്യങ്ങൾ ഉണ്ടെന്നു ഉറപ്പാക്കുന്നത്– സംബന്ധിച്ച്.

മേൽ വിഷയത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതി പ്രവൃത്തി സ്ഥലങ്ങളിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ട പ്രഥമ ശുശ്രൂഷാ കിറ്റ്, കുടിവെള്ളം എന്നിവ പല ഗ്രാമപഞ്ചായത്തുകളിലും നൽകുന്നില്ലെന്ന് കാണിച്ച് നിരവധി പരാതികളും ഓംബുഡ്സ്മാൻ അവാർഡുകളും സംസ്ഥാന മിഷനും ലഭ്യമായിട്ടുണ്ട്. MGNREGS Operational Guidelines 2013, 7.12.5 പ്രകാരം പ്രവൃത്തിസ്ഥല സൗകര്യങ്ങൾക്കുള്ള തുക ഭരണച്ചെലവിൽ നിന്നും വിനിയോഗിക്കാവുന്നതാണെന്ന് പരാമർശിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ പ്രവൃത്തി സ്ഥലത്ത് ഉണ്ടാകേണ്ട പ്രഥമ ശുശ്രൂഷാ കിറ്റ്, കുടിവെള്ളം തുടങ്ങിയ സൌകര്യങ്ങൾ തൊഴിൽ സ്ഥലത്ത് ഏർപ്പാട് ചെയ്യുന്നതിനുള്ള നിർദ്ദേശം എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നൽകുന്നതിനും ആയത് ലഭ്യമാക്കുന്നുണ്ടെന്നു പരിശോധനകളിലൂടെ ഉറപ്പാക്കുന്നതിനും താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ

Signed by
Nizamudeen A I A S
Date: 05-09-2023 10:39:42

MISSION DIRECTOR